"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല — നിപ വൈറസ് ബാധയെത്തുടർന്ന് 12.07.2024-ന് മരണപ്പെട്ട അഷ്മിൽ ഡാനിഷ് (14 വയസ്സ്) ന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ്**

സ.ഉ.(കൈ) നം.154/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- മലപ്പുറം ജില്ലാ കളക്ടറുടെ 30.07.2024 തീയതിയിലെ DCMPM/8552/2024-G3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ല ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജിൽ നിപ വൈറസ് ബാധയെത്തുടർന്ന് 12.07.2024-ന് മരണപ്പെട്ട അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ് (14)-ന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ സർക്കാരിൽ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, മലപ്പുറം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF-B1/17/2025/REV)

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
സെക്ഷൻ ഓഫീസർ
Date: 15-03-2026 15:21:26

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്
പൊതുഭരണ (എസ്.സി) വകുപ്പിന് (14.03.2026-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.4018 പ്രകാരം)
റവന്യൂ (ഡി.ആർ.എഫ് - എ/ സി) വകുപ്പ്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 14-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-ബി1/17/2025/റവ. ഇനം നം: 4018

വിഷയം : റവന്യൂ വകുപ്പ് - നിപ വൈറസ് ബാധയെത്തുടർന്ന് 21.07.2024-ന് മരണപ്പെട്ട മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജ് അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ് (14 വയസ്സ്)-ന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

4018

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിലുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-ഡി.ആർ.എഫ്.ബി1/17/2025-റവ. |
| 2. | വകുപ്പ് | റവന്യൂ(ഡി.ആർ.എഫ്-ബി)വകുപ്പ് |
| 3. | വിഷയം | നിപ വൈറസ് ബാധയെത്തുടർന്ന് 21.07.2024-ന് മരണപ്പെട്ട മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജ് അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ് (14 വയസ്സ്)-ന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ജയശ്രീ റ്റി കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം.ജി.രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ല ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജ് അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ്(14 വയസ്സ്) എന്ന കുട്ടി നിപ്പ വൈറസ് ബാധയെത്തുടർന്ന് 21.07.2024-ന് മരണപ്പെട്ടിട്ടുള്ളതാണ്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് CMDRF-ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ ശുപാർശ സഹിതം ഫയൽ ഈ വകുപ്പിന് ലഭ്യമാക്കിയിരുന്നു. നിപ്പ ബാധിച്ച് മരണപ്പെട്ട അഷ്മിൽ ഡാനിഷ്-ന്റെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

മലപ്പുറം ജില്ല ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജ് അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ് (14 വയസ്സ്) എന്ന കുട്ടി നിപ്പ വൈറസ് ബാധയെത്തുടർന്ന് 21.07.2024-ന് മരണപ്പെട്ടിട്ടുള്ളതാണ്. ആദ്യ ഘട്ടത്തിൽ ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിൽ ആയതിനാൽ കുടുംബത്തിന് ചികിത്സക്കായി ഭീമമായ സംഖ്യ ചിലവഴിക്കേണ്ടി വന്നിട്ടുണ്ട്. കുടുംബത്തിലെ മൂത്ത കുട്ടിയാണ് മരണപ്പെട്ടിട്ടുള്ളത്. മരിച്ച കുട്ടിയെ കൂടാതെ 10, 7 വയസ്സുള്ള 2 കുട്ടികളാണ് ഉള്ളത്. ആകെ 5 സെന്റ് ഭൂമി മാത്രമാണ് കുടുംബത്തിന് ഉള്ളത്. പിതാവ് കൂലിപ്പണിക്കാരനും മാതാവ് തൊഴിൽ രഹിതയുമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരമാവധി ധനസഹായം അനുവദിക്കാവുന്നതാണ് എന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ സമാന വിഷയത്തിൽ മരണപ്പെട്ട മുഹമ്മദ് ഹാഷിം-ന്റെ കുടുംബത്തിന് CMDRF-ൽ നിന്നും രണ്ടു തവണയായി ആകെ അഞ്ചുലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടായിരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

### തീരുമാനിക്കേണ്ട വിഷയം

നിപ്പ വൈറസ് ബാധയെത്തുടർന്ന് 21.07.2024-ന് മരണപ്പെട്ട മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് ചെമ്പ്രശ്ശേരി വില്ലേജ് അമ്പലപ്പറമ്പൻ അബ്ദുൾ ലത്തീഫ് - ദിൽഷാദ് ദമ്പതികളുടെ മകൻ അഷ്മിൽ ഡാനിഷ് (14 വയസ്സ്)-ന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക?